# ഇന്ത്യക്ക് പുറത്തുള്ള ആദ്യത്തെ ഐ.ഐ.ടി. ക്യാമ്പസ് ടാൻസാനിയയിലെ സാൻസിബാറിൽ സ്ഥാപിച്ചു

ജൂലൈ 06, 2023

ഇന്ത്യയ്ക്ക് പുറത്ത് സ്ഥാപിക്കുന്ന ആദ്യത്തെ ഐ.ഐ.ടി. കാമ്പസ് ടാൻസാനിയയിലെ സാൻസിബാറിലാണ്. സാൻസിബാർ-ടാൻസാനിയയിൽ ഐ.ഐ.ടി. മദ്രാസിന്റെ കാമ്പസ് സ്ഥാപിക്കുന്നതിനുള്ള ഒരു ധാരണാപത്രം (എം.ഒ.യു.) വിദ്യാഭ്യാസ മന്ത്രാലയം (എം.ഒ.ഇ.), ഇന്ത്യാ ഗവൺമെന്റ്, ഐ.ഐ.ടി. മദ്രാസ്, വിദ്യാഭ്യാസ, തൊഴിൽ പരിശീലന മന്ത്രാലയം (എം.ഒ.ഇ.വി.ടി.) സാൻസിബാർ-ടാൻസാനിയ എന്നിവ തമ്മിൽ ഒപ്പുവച്ചു. 2023 ജൂലൈ-5 ന് സാൻസിബാർ പ്രസിഡന്റ് ഡോ ഹുസൈൻ അലി മ്വിനിയുടെയും ഇന്ത്യൻ വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കറിന്റെയും സാന്നിധ്യത്തിലായിരുന്നു അത് ഒപ്പുവച്ചത്.

ഇന്ത്യയും ടാൻസാനിയയും തമ്മിലുള്ള ദീർഘകാല സൗഹൃദത്തിന്റെ പ്രതിഫലനമാണ് ഈ കാമ്പസ്, ആഫ്രിക്കയിലെയും ഗ്ലോബൽ സൗത്തിലെയും ജനങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഓർമ്മപ്പെടുത്തലാണ്.

ടാൻസാനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ബിനയ ശ്രീകാന്ത പ്രധാൻ, ഐ.ഐ.ടി. മദ്രാസ് ഡീൻ (ഗ്ലോബൽ എൻഗേജ്മെന്റ്) പ്രൊഫ രഘുനാഥൻ രംഗസ്വാമി, എം.ഒ.ഇ.വി.ടി. സാൻസിബാറിന്റെ ആക്ടിംഗ് പ്രിൻസിപ്പൽ സെക്രട്ടറി ഖാലിദ് മസൂദ് വസീർ എന്നിവർ യഥാക്രമം എം.ഒ.ഇ., ഇന്ത്യാ ഗവൺമെന്റ്, ഐ.ഐ.ടി. മദ്രാസ്, എം.ഒ.ഇ.വി.ടി. സാൻസിബാർ-ടാൻസാനിയ എന്നിവയ്ക്ക് വേണ്ടി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ദേശീയ വിദ്യാഭ്യാസ നയം (എൻ.ഇ.പി.) 2020 അന്തർദേശീയവൽക്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും "ഉയർന്ന പ്രകടനം നടത്തുന്ന ഇന്ത്യൻ സർവ്വകലാശാലകളെ മറ്റ് രാജ്യങ്ങളിൽ കാമ്പസുകൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കാൻ" ശുപാർശ ചെയ്യുകയും ചെയ്യുന്നു.

ടാൻസാനിയയും ഇന്ത്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം അംഗീകരിച്ചുകൊണ്ട്, സാൻസിബാർ-ടാൻസാനിയയിൽ ഐ.ഐ.ടി. മദ്രാസിന്റെ നിർദിഷ്ട കാമ്പസ് സജ്ജീകരിക്കുന്നതിനെ കുറിച്ച് പാർട്ടികൾക്ക് ചട്ടക്കൂട് നൽകുന്ന രേഖയിൽ ഒപ്പുവെച്ചുകൊണ്ട് വിദ്യാഭ്യാസ പങ്കാളിത്തത്തിന്റെ ബന്ധം ഔപചാരികമാക്കി. 2023 ഒക്ടോബറിൽ പ്രോഗ്രാമുകൾ ആരംഭിക്കാൻ പദ്ധതിയിടുന്നു.

ഈ അദ്വിതീയ പങ്കാളിത്തം ഐ.ഐ.ടി.എം.-ന്റെ ഉയർന്ന റാങ്കിലുള്ള വിദ്യാഭ്യാസ വൈദഗ്ധ്യത്തെ ആഫ്രിക്കയിലെ ഒരു പ്രധാന ലക്ഷ്യസ്ഥാനത്തേക്ക് കൊണ്ടുവരുകയും പ്രദേശത്തിന്റെ അനിവാര്യമായ നിലവിലെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും. അക്കാദമിക് പ്രോഗ്രാമുകൾ, പാഠ്യപദ്ധതികൾ, വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് വശങ്ങൾ,

പെഡഗോഗിക്കൽ വിശദാംശങ്ങൾ എന്നിവ ഐ.ഐ.ടി. മദ്രാസ് ആയിരിക്കും നിയന്ത്രിക്കുന്നത്, അതേസമയം മൂലധനവും പ്രവർത്തന ചെലവും സാൻസിബാർ-ടാൻസാനിയ സർക്കാർ വഹിക്കും. ഈ കാമ്പസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് ഐ.ഐ.ടി. മദ്രാസ് ബിരുദങ്ങൾ നൽകും. അത്യാധുനിക ഇന്റർ ഡിസിപ്ലിനറി ബിരുദങ്ങൾ വൈവിധ്യമാർന്ന കൂട്ടത്തെ ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു, കൂടാതെ ആഫ്രിക്കയിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും ഉൾപ്പെടും. ഇന്ത്യൻ വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്.

ഐ.ഐ.ടി. കാമ്പസ് സ്ഥാപിക്കുന്നത് ആഗോളതലത്തിൽ ഇന്ത്യയുടെ പ്രശസ്തിയും നയതന്ത്ര ബന്ധങ്ങളും വർദ്ധിപ്പിക്കുകയും ഐ.ഐ.ടി. മദ്രാസിന്റെ അന്താരാഷ്ട്ര കാൽപ്പാടുകൾ വികസിപ്പിക്കുകയും ചെയ്യും. അന്താരാഷ്ട്ര കാമ്പസിൽ നിന്നുള്ള വിദ്യാർത്ഥികളുടെയും ഫാക്കൽറ്റികളുടെയും വൈവിധ്യം കാരണം ഐ.ഐ.ടി. മദ്രാസ് വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്താനും ഇത് സാധ്യതയുണ്ട്. ലോകമെമ്പാടുമുള്ള ഉയർന്ന റാങ്കിലുള്ള മറ്റ് അക്കാദമിക് സ്ഥാപനങ്ങളുമായുള്ള ഗവേഷണ സഹകരണം കൂടുതൽ ആഴത്തിലാക്കാൻ ഇത് സഹായിക്കും.

സാൻസിബാർ- ടാൻസാനിയയിലെ ഐ.ഐ.ടി. കാമ്പസ് ഒരു ലോകോത്തര ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമായി വിഭാവനം ചെയ്യപ്പെടുന്നു, ഉയർന്നുവരുന്ന ആഗോള ആവശ്യങ്ങൾക്ക് പ്രതികരണമായി കഴിവുകൾ വികസിപ്പിക്കുക, രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ആഴത്തിലാക്കുക, മേഖലയിലെ ഗവേഷണത്തിനും നവീകരണത്തിനും പിന്തുണ നൽകുക. ഇന്ത്യൻ ഉന്നതവിദ്യാഭ്യാസത്തിന്റെയും നവീകരണത്തിന്റെയും അഭിലാഷ ഗുണങ്ങളുടെ ലോകത്തിന് ഒരു മാതൃകയായി ഇത് പ്രവർത്തിക്കും.

**ന്യൂ ഡൽഹി**
**ജൂലൈ 06, 2023**